**പിതാശ്രീയുടെ പുണ്യസ്മൃതി ദിനത്തിൽ കേൾപ്പിക്കുവാനുള്ള ബാപ്ദാദയുടെ മധുരമഹാവാക്യങ്ങൾ**

## മധുരമായ കുട്ടികളെ, ബാബയുടെ ഹൃദയത്തിൽ, കുട്ടികളെ സദാ സുഖിയാക്കുന്നതിന്റെ ഫസ്റ്റ്ക്ലാസ്സ് ആശയുണ്ട്, ബാബ ആഗ്രഹിക്കുന്നു, എന്റെ കുട്ടികൾ യോഗ്യരായി സ്വർഗ്ഗത്തിന്റെ അധികാരിയാകണം.

ഓം ശാന്തി - കുട്ടികൾക്കറിയാം ഇപ്പോൾ ഭഗവാൻ നമ്മുടെ സന്മുഖത്തിരുന്ന് നമുക്ക് ജ്ഞാന ഗീതം കേൾപ്പിക്കുകയാണ്, അല്ലെങ്കിൽ ജ്ഞാന നൃത്തം ചെയ്യിപ്പിക്കുകയാണ്. ഈ ജ്ഞാന നൃത്തത്തിലൂടെ നിങ്ങൾ ദേവതമാരെ പോലെ സദാ സുഖികളും ഹർഷിതവുമായിരിക്കും. ഭഗവാനെ തന്നെയാണ് പരിധിയില്ലാത്ത പിതാവ് അല്ലെങ്കിൽ വിശ്വ രചയിതാവ് എന്ന് പറയുന്നത്. ആത്മാവിനറിയാം ബാബ നമ്മുക്കായി സ്വർഗ്ഗം സമ്മാനമായി കൊണ്ട് വന്നിരിക്കുകയാണ്. അവർ തന്നെയാണ് രചയിതാവ്. സ്വർഗ്ഗത്തിന്റെ അധികാരി ആക്കുന്നതിനായി രാജയോഗം പഠിപ്പിക്കുന്നു. പറയുന്നുണ്ട് ബാബയെയും വിശ്വാധികാരത്തെയും ഓർമ്മിക്കു എന്ന്. ബാബ പരിധിയില്ലാത്ത അധികാരിയാണ് അപ്പോൾ തീർച്ചയായും പരിധിയില്ലാത്ത വലിയ ലോകം തന്നെ രചിക്കും. നിങ്ങൾ കുട്ടികൾക്ക് മുഴുവൻ ലോകവും വീട് തന്നെയാണ് അർത്ഥം പാർട്ടഭിനയിക്കാനുള്ള സ്ഥാനമാണ്. പരിധിയില്ലാത്ത ബാബ വന്നു പരിധിയില്ലാത്ത വിശ്വം അല്ലെങ്കിൽ വീട് രചിക്കുന്നു, അതാണ് സ്വർഗ്ഗം. അപ്പോൾ അങ്ങനെയുള്ള ബാബയുടെ കുട്ടികൾക്ക് എത്രമാത്രം നന്ദി പറയണം. വിശ്വ രചയിതാവ് ബാബ ഡയറക്ട് മനസ്സിലാക്കി തരുകയാണ്, ഞാൻ നിങ്ങളെ വിശ്വത്തിന്റെ അധികാരിയാക്കാനാണ് വന്നിരിക്കുന്നത്, അപ്പോൾ നിങ്ങളുടെ സ്വഭാവം എത്ര മാത്രം ഫസ്റ്റ് ക്ലാസ്സ് ആകണം. നിങ്ങളുടെ പെരുമാറ്റം ദേവതകളെ പോലെയാകണം. ദേവതമാർ പ്രശസ്തമാണ്. പറയാറുണ്ട് ഇവരുടെ സ്വഭാവം തീർത്തും ദേവതാസ്വഭാവമാണെന്ന്. തികച്ചും മധുര ശാന്ത സ്വഭാവമാണെന്ന്. അങ്ങനെയുള്ള കുട്ടികളെക്കണ്ട് ബാബയും സന്തോഷിക്കുന്നു. ബാബ സ്വർഗ്ഗത്തിന്റെ അധികാരിയാക്കുകയാണ് അപ്പോൾ നിങ്ങൾ എത്രമാത്രം സഹായിയാകണം. സേവനത്തിൽ സ്വയം മുഴുകണം. ഞാൻ ക്ഷീണിച്ചു പോയി, സമയമില്ല എന്നല്ല. സമയമനുസരിച്ച് എല്ലാ ജോലിയും ചെയ്യുന്നതിൽ മംഗളമുണ്ട്. യജ്ഞസേവനത്തിന്റെ ഫലം തരുന്നത് ബാബയാണ്. ബാബ കുട്ടികളുടെ ദൈവീക പെരുമാറ്റം കണ്ട് സ്വയം അർപ്പണമാകുന്നു.

കുട്ടികളായ നിങ്ങൾ ഈ പഠിത്തത്തിലൂടെ എത്ര ഉയർന്ന സമ്പാദ്യമാണ് നേടുന്നത്. നിങ്ങൾ കോടിപതി ആകുകയാണ്. ബാബ നിങ്ങളെ എത്രമാത്രം ധനവാനായി മാറ്റുന്നു. ബാബ നിങ്ങളെ അമൂല്യ സമ്പത്തുകൾ കൊണ്ട് ആ രീതിയിൽ തുലാ ഭാരം നടത്തുന്നു അതായത് 21 ജന്മത്തേക്ക് ഒപ്പമുണ്ടാകും. അവിടെ ദുഃഖത്തിന്റെ പേര് പോലും ഇല്ല. അകാലമൃത്യു ഒരിക്കലുമുണ്ടാകില്ല. മരണത്തെ ഒരിക്കലും ഭയക്കില്ല. ഇവിടെ എത്ര ഭയമാണ്. നിലവിളിക്കുന്നു. നിങ്ങൾക്കാണെങ്കിൽ സന്തോഷമാണ് - ഈ പഴയ ശരീരം കളഞ്ഞു പുതിയ ലോകത്തിൽ രാജകുമാരനാകും. ഈ പഴയ ലോകത്തോടുള്ള മമത്വം വിടു, ഈ ദേഹം പോലും മറന്നേക്കൂ. ഞാൻ ആത്മാ സ്വതന്ത്രമാണ്. ഒരു ബാബയെക്കൂടാതെ മറ്റൊന്നിന്റെയും ഓർമ്മ പോലും വരരുത്. ജീവിച്ചിരിക്കുമ്പോഴും മരിച്ച അവസ്ഥയിലാകണം. ഈ ലോകത്തിൽ നിന്നും മരിച്ചു കഴിഞ്ഞു. പറയുണ്ടല്ലോ താങ്കൾ മരിച്ചപ്പോൾ ലോകവും മരിച്ചു എന്ന്. ദേഹാഭിമാനത്തെ മാറ്റൂ. ഏകാന്തതയിലിരുന്ന് ഈ അഭ്യാസം ചെയ്യൂ ബാബ ഞാൻ ഇപ്പോൾ ബാബയുടെ മടിത്തട്ടിൽ എത്തിക്കഴിഞ്ഞു. ഒന്നിന്റെ മാത്രം ഓർമ്മയിൽ ദേഹത്തിന്റേ അന്ത്യമാകുക ഇതിനെയാണ് പറയുന്നത് ഏകാന്തത എന്ന്.

മധുരമായ കുട്ടികളെ, നിങ്ങൾക്കറിയാം ഇത്രയും ഉയർന്ന പഠിത്തം ആരാണ് പഠിപ്പിക്കുന്നതെന്ന്. ഈ ചൈതന്യ ഡബ്ബയിൽ ചൈതന്യ രത്നമിരിക്കുന്നു. അത് തന്നെയാണ് സത് ചിത്ത് ആനന്ദ സ്വരൂപൻ. സത്യമായ ബാബ നിങ്ങൾക്ക് സത്യ സത്യമായ ശ്രീമത്ത് തരുന്നു. ബാബയുടെതായി മാറിയെങ്കിൽ ഓരോ ചുവടും ശ്രീമത്തനുസരിച്ച് നടക്കണം. നിശബ്ദമായിരിക്കണം, പഠിക്കണം ഒരേയൊരു ബാബയെ ഓർമ്മിക്കണം. ഇടയ്ക്കിടെ ഈ ബാഡ്ജ് നോക്കിക്കൊണ്ടിരിക്കുന്നുവെങ്കിൽ ബാബയെയും സമ്പത്തിനെയും ഓർമ്മ വരും. ഓർമ്മയിലൂടെ തന്നെയാണ് നിങ്ങൾ മുഴുവൻ വിശ്വത്തിനും ശാന്തിയുടെ ദാനം കൊടുക്കുന്നത്. ഓരോ കുട്ടിക്കും തന്റെ സ്വന്തം പ്രജയുമുണ്ടാക്കണം അവകാശിയുമുണ്ടാക്കണം. മുരളി ഒന്നുപോലും മിസ്സ് ചെയ്യരുത്. ബാബ വളരെ സ്നേഹപൂർവ്വം പറഞ്ഞു തരികയാണ്. മധുരമായ കുട്ടികളെ, തന്റെ മേൽ ദയ കാണിക്കൂ, ഒരവജ്ഞയും കാണിക്കരുത്.

ആരാണോ സുഗന്ധപുഷ്പം അവർ ആകർഷിക്കുന്നു. ആരു എങ്ങനെയാണോ അങ്ങനെയുള്ള സെർച്ച് ലൈറ്റ് എടുക്കാൻ ശ്രമിക്കുന്നു. സുഗന്ധമുള്ള, ഗുണവാൻ കുട്ടികളെ കണ്ടു സ്നേഹത്താൽ, സന്തോഷത്താൽ കണ്ണുകൾ നിറയുന്നു. അവർക്കെന്തെങ്കിലും ബുദ്ധിമുട്ട് തോന്നുമ്പോൾ ബാബ

സെർച്ച്ലൈറ്റ് കൊടുക്കുന്നു.

ബാബ പറഞ്ഞു തരുന്നു, മധുരമായ കുട്ടികളെ, നിങ്ങൾ ഈ പഴയ ലോകത്തിൽ ഒരാശയും വെക്കരുത്. ഇപ്പൊൾ ഒരേയൊരു ശ്രേഷ്ഠ ആശ വെയ്ക്കു നമ്മുക്ക് സുഖധാമിലേക്ക് പോകണം എന്ന്. മറ്റോരിടത്തും തങ്ങരുത്. മറ്റൊന്നും നോക്കരുത്. മുന്നോട്ടു തന്നെ പോകണം. ഒരു വശത്തെക്ക് തന്നെ നോക്കൂ അപ്പോഴേ അചഞ്ചലവും ഇളകാത്തതുമായ സ്ഥിര അവസ്ഥയുണ്ടാകും. ഇപ്പൊൾ ഈ ലോകം ഇല്ലാതാക്കുക തന്നെ വേണം ഇതിന്റെ അവസ്ഥ വളരെ സീരിയസാണ്. ഈ സമയം ഏറ്റവും അധികം ക്ഷോഭം പ്രകൃതിയ്ക്ക് വരുന്നു അതിനാൽ എല്ലാം അവസാനിപ്പിക്കുന്നു. നിങ്ങൾക്കറിയാം പ്രകൃതി തീവ്രമായി ക്ഷോഭിക്കുന്നു. മുഴുവൻ പഴയ ലോകത്തെയും മുക്കിക്കളയും. ഭൂമികുലുക്കത്തിൽ കെട്ടിടങ്ങൾ മുതലായവ നിലംപതിക്കും. അനേക തരത്തിൽ മരണം ഉണ്ടാകും. ഇതെല്ലാം ഡ്രാമയിൽ പ്ലാൻ ഉണ്ടാക്കപ്പെട്ടിരിക്കുന്നു. ഇതിൽ ആരുടെയും കുറ്റമില്ല. വിനാശം സംഭവിക്കുക തന്നെ വേണം അതിനാൽ നിങ്ങൾ ഇതിൽ നിന്നും ബുദ്ധിയോഗം വിടണം. നിങ്ങളാണെങ്കിൽ എല്ലാം ഇൻഷ്വർ ചെയ്തിരിക്കുന്നു, ഇതിനാൽ ഒരു തരത്തിലുള്ള ചിന്തയുമില്ലാ. നിങ്ങളുടെ എല്ലാം സഫലമായിക്കൊണ്ടിരിക്കുന്നു.

ഇപ്പൊൾ നിങ്ങൾ പറയും ആഹാ സത്ഗുരു ആഹാ! അങ്ങാണ് നമ്മുക്ക് ഈ വഴി പറഞ്ഞു തരുന്നത്. ആഹാ ഭാഗ്യം ആഹാ! ആഹാ ഡ്രാമ ആഹാ! നിങ്ങളുടെ ഹൃദയത്തിൽ നിന്നുയരുന്നു – നന്ദി ബാബ അങ്ങേക്ക്, ഞങ്ങളുടെ രണ്ടു പിടി അവിൽ വാങ്ങി നമ്മുക്ക് സുരക്ഷിതമായി ഭാവിയിൽ നൂറു മടങ്ങ് പകരം തരുന്നു. എന്നാൽ ഇതിലും കുട്ടികളുടെ വളരെ വിശാലബുദ്ധി ആവശ്യമാണ്. കുട്ടികൾക്ക് അളവറ്റ ജ്ഞനധനത്തിന്റെ സമ്പത്ത് കിട്ടുന്നു അപ്പോൾ അപാര സന്തോഷം വേണമല്ലോ. എത്രത്തോളം ഹൃദയം ശുദ്ധമാണോ അത്രത്തോളം മറ്റുള്ളവരുടെയും ശുദ്ധമാക്കും. യോഗത്തിന്റെ സ്ഥിതിയിലൂടെയാണ് ഹൃദയം ശുദ്ധമാകുന്നത്. കുട്ടികൾക്ക് യോഗി ആകുന്നതിനും ആക്കുന്നതിനും താൽപ്പര്യം വേണം. ദേഹത്തോട് മോഹമുണ്ടെങ്കിൽ, ദേഹാഭിമാനമുണ്ടെങ്കിൽ മനസ്സിലാക്കണം നമ്മുടെ അവസ്ഥ വളരെ ദുർബലമാണ് എന്ന്. ദേഹീയഭിമാനി കുട്ടികളാണ് സത്യമായ രത്നമായി മാറുന്നത്, ഇതിനാൽ എത്ര സാധിക്കുന്നുവോ ദേഹി അഭിമാനി ആകുന്നതിനുള്ള അഭ്യാസം ചെയ്യൂ. ബാബയെ ഓർമിക്കു. ബാബ എന്ന വാക്ക് ഏറ്റവും മധുരമാണ്. ബാബ സ്നേഹപൂർവ്വം കുട്ടികളെ കണ്ണുകളിലിരുത്തി ഒപ്പം കൊണ്ട് പോകും. ഇങ്ങനെയുള്ള ബാബയുടെ ഓർമ്മയുടെ ലഹരിയിൽ തവിടുപൊടിയാകണം. ബാബയെ ഓർമ്മിച്ചോർമ്മിച്ച് സന്തോഷത്താൽ നുറര പൊങ്ങിവരണം. എതുപോലെ ബാബ അപകാരികൾക്കും ഉപകാരം ചെയ്യുന്നു – നിങ്ങളും ഫോളോ ഫാദർ ചെയ്യു. സുഖദായിയാകു. ബാബയുടെ ഹൃദയത്തിനുള്ളിൽ കുട്ടികളെ സദാ സുഖികളാക്കി മാറ്റുന്നതിന് വളരെ ഫസ്റ്റ് ക്ലാസ്സ് ആശയാണുള്ളത്, കുട്ടികളെ യോഗ്യരാക്കി സ്വർഗ്ഗത്തിന്റെ അധികാരിയാക്കുന്നതിന്.

കുട്ടികളായ നിങ്ങൾ ഇപ്പൊൾ ഡ്രാമയുടെ രഹസ്യവും അറിയുന്നു, ബാബ നിങ്ങൾക്ക് നിരാകാരി, ആകാരി, സാകാരി ലോകത്തിന്റെ എല്ലാ രഹസ്യവും കേൾപ്പിച്ചു തരുന്നു. ആത്മാവ് പറയുന്നു ഇപ്പൊൾ നമ്മൾ പുരുഷാർത്ഥം ചെയ്യുകയാണ് പുതിയ ലോകത്തിലേക്ക് പോകുന്നതിനായി. നമ്മൾ തീർച്ചയായും സ്വർഗ്ഗത്തിലെത്താനുള്ള യോഗ്യത നേടും. തന്റെയും മറ്റുള്ളവരുടെയും മംഗളം ചെയ്യും. ശരി, ബാബ മധുരമായ കുട്ടികൾക്ക് പറഞ്ഞു തരുകയാണ് ബാബ ദുഃഖം ഹരിച്ച്, സുഖം തരുന്നവനാണ്, അപ്പോൾ കുട്ടികളും എല്ലാവർക്കും സുഖം കൊടുക്കണം. ബാബയുടെ വലംകൈ ആകണം. ഇങ്ങനെയുള്ള കുട്ടികളാണ് ബാബയ്ക്കു പ്രിയപ്പെട്ടവർ. ശുഭകാര്യങ്ങൾ വലങ്കൈയാണ് ഉപയോഗിക്കുന്നത്. അപ്പോൾ ബാബ പറയുകയാണ് ഓരോ കാര്യത്തിലും ധർമ്മിഷ്ഠനാകൂ, ഒരു ബാബയെ ഒർമ്മിക്കു അപ്പോൾ അന്തിമ മനം പോലെ ഗതിയായിത്തീരും. ഈ പഴയ ലോകത്തോട് മമത്വം വിടു. ഇതാണെങ്കിൽ ശ്മശാനമാണ്. ജോലിക്കാര്യത്തിന്റെയും കുട്ടികളുടെയും ചിന്തനത്തിൽ മരിച്ചാൽ വെറുതെ തന്റെ നഷ്ടമുണ്ടാകും.

ശിവബാബയെ ഓർമ്മിക്കുന്നതിലൂടെ നിങ്ങൾക്ക് വളരേ നിറവുണ്ടാകും. ദേഹാഭിമാനത്തിൽ വരുന്നതിലൂടെ നിങ്ങൾക്ക് നഷ്ടം തന്നെയാണ്. ദേഹീ അഭിമാനിയാകുന്നതിലൂടെ നേട്ടമുണ്ടാകും. ധനത്തോടും കൂടുതൽ ആർത്തി വെക്കരുത്. അതിന്റെ വിഷമത്തിൽ ശിവബാബയെപ്പോലും മറന്നു പോകുന്നു. ബാബ നോക്കുന്നുണ്ട് എല്ലാം ബാബയിൽ അർപ്പണം ചെയ്തിട്ട് ശ്രീമത്തിലൂടെ എത്രത്തോളം നടക്കുന്നുവെന്ന്. തുടക്കത്തിൽ ബാബയും ട്രസ്റ്റിയായി കാട്ടി തന്നുവല്ലോ. എല്ലാം ഈശ്വരാർപ്പണം ചെയ്തു ട്രസ്റ്റിയായിമാറി. ഈശ്വരന്റെ കാര്യത്തിൽ ഉപയോഗിച്ചു. വിഘ്നങ്ങളിൽ ഒരിക്കലും ഭയക്കരുത്. എത്ര സാധിക്കുമോ അത്രയും സേവനത്തിൽ തന്നെ എല്ലാം സഫലമാക്കു. ഈശ്വരാർപ്പണം ചെയ്തു ട്രസ്റ്റിയായി മാറണം. ശരി –

മധുരമധുരമായ വളരെ ക്കാലത്തെ വേർപാടിനു ശേഷം തിരികെകിട്ടിയ സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും സുപ്രഭാതവും. ആത്മീയ പിതാവിൻറെ ആത്മീയ കുട്ടികൾക്ക് നമസ്തേ.

**അവ്യക്ത മഹാവാക്യം റിവൈസ് 15.4.74**

എല്ലാവരും ഉന്നതിയിലേക്ക് പോയിക്കൊണ്ടിരിക്കുകയാണല്ലോ? സദാ സ്നേഹത്തിൽ മഗ്നമായിരിക്കുക, വിഘ്നവിനാശകരായിരിക്കുക, ഈ രണ്ടു അടയാളങ്ങളും അനുഭവത്തിൽ വരുന്നുണ്ടോ? വിഘ്നവിനാശകനാകുന്നതിന് പകരം വിഘ്നങ്ങളെക്കണ്ട് തന്റെ സ്ഥിതി താഴേക്ക് വരുന്നില്ലല്ലോ? വിവിധ തരത്തിൽ വന്നിട്ടുള്ള കൊടുങ്കാറ്റുകൾ ബുദ്ധിയിൽ കൊടുങ്കാറ്റ് ഉത്പന്നമാക്കിയില്ലല്ലോ. ഏതു പോലെ ആരിൽ നിന്നെങ്കിലും സമ്മാനം കിട്ടുമ്പോൾ ബുദ്ധി ചഞ്ചലമാകുന്നില്ല പകരം സന്തോഷമാകുന്നു. അതുപോലെ കൊടുങ്കാറ്റ് വരുമ്പോൾ ഉല്ലാസം വർധിക്കുന്നുവോ അതോ ചഞ്ചലതയാണോ വർദ്ധിക്കുന്നത്. കൊടുങ്കാറ്റിനെ കൊടുങ്കാറ്റെന്ന് മനസ്സിലാക്കിയാൽ വിഷമിച്ചു പോകും, സമ്മാനമെന്ന് മനസ്സിലാക്കിയാൽ അല്ലെങ്കിൽ അനുഭവം ചെയ്താൽ ഉല്ലാസവും ധൈര്യവും ഏറെ വർദ്ധിക്കും. ഇതാണ് ഉയരുന്ന കലയുടെ അടയാളം. ഭയക്കുന്നതിന് പകരം ആഴങ്ങളിൽ പോയി അനുഭവത്തിന്റെ പുതിയ പുതിയ രത്നങ്ങൾ ഈ പരീക്ഷകളുടെ സാഗരത്തിൽ നിന്നും പ്രാപ്തമാക്കുക, കാരണം ഈ ചഞ്ചലതകൾക്കുള്ളിൽ രത്നങ്ങൾ അടങ്ങിയിട്ടുണ്ട്. ഉപരിതലങ്ങളിൽ അതായത് ബാഹ്യമുഖതയുടെ ദൃഷ്ടിയോടെ ബുദ്ധിയോടെ വീക്ഷിക്കുമ്പോൾ ചഞ്ചലത കാണുന്നു അല്ലെങ്കിൽ അനുഭവപ്പെടുന്നു, എന്നാൽ വന്ന കാര്യങ്ങളെ അന്തർമുഖതയുടെ ദൃഷ്ടിയോടെ ബുദ്ധിയോടെ കാണുമ്പോൾ വിവിധ തരം ജ്ഞാനരത്നങ്ങൾ അർത്ഥം പോയിൻ്റ്സ് പ്രാപ്തമാകും.

എന്നാൽ ഏതെങ്കിലും കാര്യം കാണുമ്പോൾ, കേൾക്കുമ്പോൾ ആശ്ചര്യം അനുഭവപ്പെട്ടുവെങ്കിൽ ഇതും അന്തിമ സ്ഥിതിയല്ല. ഇങ്ങനെ സംഭവിക്കരുതല്ലോ... ഡ്രാമയിൽ സംഭവിക്കുന്നതിൽ ഇത്തരം സങ്കൽപ്പങ്ങൾ ഉത്പന്നമാകുകയാണെങ്കിൽ ഇതിനെയും അംശരൂപത്തിൽ ഇളക്കം എന്നു പറയും. ഇപ്പോഴും എന്ത് എന്തുകൊണ്ട് എന്ന ചോദ്യം ഉയരുകയനെങ്കിൽ അതിനർത്ഥം ചഞ്ചലത എന്നാണ്. വിഘ്നങ്ങൾ വരുന്നത് എത്രമാത്രം ആവശ്യമാണോ അത്രയും വിഘ്നവിനാശക സ്ഥിതിയും ആവശ്യമാണ്, ഇതാണ് ഹർഷിതമായിരിക്കുന്നതിനുള്ള വഴി. ഒന്നും പുതിയതല്ല, ഇതാണ് അന്തിമസ്ഥിതി. ഇനി ആരെങ്കിലും ചഞ്ചലപെടുകയാണെങ്കിൽ അല്ലെങ്കിൽ പാർട്ടഭിനയിക്കുകയണെങ്കിൽ, ശരി, പുറമെ ചഞ്ചലത കാണപ്പെടുമായിരിക്കാം അർത്ഥം കർമ്മേന്ദ്രിയങ്ങൾ ചഞ്ചലതയിൽ വരുന്നായിരിക്കം, എന്നാൽ സ്ഥിതി ഒന്നും പുതിയതല്ല എന്നായിരിക്കണം. ഏകാഗ്രം, ഏകരസം, ഏകാന്തം അർത്ഥം ഒരേയൊരു രചയിതാവിന്റെയും രചനയുടെയും അവസാനം വരെ അറിയുന്നവർ, ത്രികാലദർശിസ്ഥിതിയിൽ സഹജമായിരുന്ന് ശാന്തിയുടെ സ്ഥിതിയിൽ സ്ഥിതി ചെയ്യുന്നുവോ അതോ കർമ്മേന്ദ്രിയങ്ങളുടെ ചഞ്ചലത ആന്തരിക സ്ഥിതിയെ കുലുക്കുന്നുണ്ടോ? ഏതുപോലെ സ്ഥൂല സാഗരം രണ്ടു രൂപങ്ങളും കാണിക്കുന്നുണ്ട് അതുപോലെ മാസ്റ്റർ ജ്ഞാനസാഗരത്തിന് ഇങ്ങനെ രൂപം കാണിക്കാൻ കഴിയില്ലേ? ഈ പ്രകൃതി പുരുഷനെ അതായത് ആത്മാവിനെ കോപ്പി ചെയ്തിരിക്കുകയാണ്. താങ്കളാണെങ്കിൽ പുരുഷോത്തമനല്ലെ. പ്രകൃതിക്ക് തൻ്റെ യോഗ്യത കാണിക്കാൻ പറ്റുമെങ്കിൽ പുരുഷോത്തമനായ താങ്കൾക്ക് കഴിയില്ലെ?

ഇപ്പോൾ സമയം അതിയിലേക്ക് കടന്നിരിക്കുകയാണ്. നാനാഭാഗത്തും അതി പ്രകടമായിക്കൊണ്ടിരിക്കുകയാണ്. അന്തിമത്തിന്റെ അടയാളമാണ് അതി. ഇപ്പൊൾ പ്രകൃതി സമാപ്തിയിലേക്ക് അതിയിലേക്ക് പോകുന്നു, അതുപോലെ സമ്പന്നമാകുന്ന ആത്മാക്കൾക്ക് മുന്നിൽ പരീക്ഷകളും വിഘ്നങ്ങളും അതിയുടെ രൂപത്തിൽ വരും, ഇതിനാൽ ആശ്ചര്യം തോന്നരുത്, നേരത്തെ ഇതില്ലായിരുന്നു, ഇപ്പൊൾ എന്തുകൊണ്ട് എന്ന്. ഈ ആശ്ചര്യം വേണ്ട. ഫൈനൽ പേപ്പറിൽ ആശ്ചര്യജനകമായ കാര്യങ്ങൾ ചോദ്യരൂപത്തിൽ വരും അപ്പോഴെ പാസാകുകയോ തോറ്റുപോകുകയോ ചെയ്യൂ. ബുദ്ധിയിൽ ചോദ്യം ഉത്പന്നമാകുന്ന തരത്തിലുള്ള കാര്യങ്ങൾ വരുന്നു. ഇത് തന്നെയാണ് ചോദ്യപേപ്പർ. അതും സെക്കന്റിന്റെ പേപ്പർ. എന്ത് എന്ന സങ്കൽപ്പം ചന്ദ്രവംശിയുടെ ക്യൂവിൽ നിർത്തും, ഇതിനാൽ ഏകരസസ്ഥിതിയിൽ സ്ഥിതി ചെയ്യുന്നതിന്റെ അഭ്യാസം നിരന്തരം വേണം. പ്രശ്നങ്ങളുടെ സീറ്റ് സംരക്ഷിക്കുന്നതിന് പോകരുത്. പകരം സീറ്റിലിരുന്ന് പ്രശ്നങ്ങളെ നേരിടു. ഇപ്പൊൾ വരെയും പ്രശ്നങ്ങൾ സീറ്റ് ഓർമ്മിപ്പിക്കുകയാണ് ചെയ്യുന്നത്. വിഘ്നങ്ങൾ വരുന്നു അപ്പോൾ വിശേഷിച്ച് യോഗം ചെയ്യുന്നു, ഭട്ടി വെയ്ക്കുന്നു. ഇതിൽ നിന്നും തെളിയുന്നത് ശത്രു ആണ് ആയുധങ്ങളെ ഓർമ്മിപ്പിക്കുന്നത് എന്നാൽ സ്വതവേ സദാ സ്മൃതി നിലനിൽക്കുന്നില്ല. നിരന്തര യോഗിയാണോ അതോ അന്തരമുള്ള യോഗിയാണോ. ടൈറ്റിൽ നിരന്തര യോഗി എന്നാണല്ലോ. ശത്രു വരുക പോലുമരുത്, പ്രശ്നങ്ങളെ നേരിടുകപോലും വേണ്ട എന്നാണോ? ശൂലത്തെ മുള്ളാക്കുക ഇതും അന്തിമ സ്ഥിതിയല്ല. ശൂലത്തെ മുള്ളക്കുന്നതിന് പകരം അതിനെ ദൂരെ വെച്ച് തന്നെ ഭസ്മമാക്കുക. മുള്ളു തറച്ചു പിന്നെ വലിച്ചെടുത്തു ഇതും ഫൈനൽ സ്ഥിതിയല്ല. മുള്ളിനെ തന്റെ സമ്പൂർണ്ണ സ്ഥിതിയിലൂടെ സമാപ്തമാക്കുക. ഇതാണ് ഫൈനൽ സ്ഥിതി. ഈ ലക്ഷ്യം വെച്ച് തന്റെ സ്ഥിതി ഉയരുന്ന കലയുടെ ഭാഗത്തേക്ക് ഉയർത്തി കൊണ്ടെ പോകു. വലിയ കാര്യത്തെ ചെറിയതായി അനുഭവം ചെയ്യുക. ഈ സ്ഥിതിവരെ നമ്പർവാറായി യഥാശക്തി എത്തിച്ചേർന്നിരിക്കുന്നു. ഇനി എത്തി ച്ചേരേണ്ടത് അംശവും വംശവും വരെയും ഇല്ലാതാകുന്ന സ്ഥിതി

വരെയാണ്.
താങ്കളെല്ലാവരും ധൈര്യശാലിയും ഉല്ലാസ്സമുള്ളവരും സർവ്വരുടെയും സഹയോഗിയായി സദാ പൊയ്ക്കൊണ്ടിരിക്കുകയാണല്ലോ. കലിയുഗി ലോകം സമാപ്തമാക്കുന്നതിനായി, അല്ലെങ്കിൽ പരിവർത്തനപ്പെടുത്തുന്നതിനായി, മായയോട് വിട പറയുന്നതായി സംഘടന അർത്ഥം വലയം ഇട്ടിരിക്കുകയാണല്ലോ. ദൃഢ വലയമാണോ അതോ ഇടയ്ക്കിടയ്ക്ക് ആരെങ്കിലും അയഞ്ഞു പോകുന്നുണ്ടോ? ക്ഷീണിക്കുന്നുണ്ടോ അതുമല്ലെങ്കിൽ നടന്നു നടന്നു നിന്നു പോകുന്നുണ്ടോ? മുന്നോട്ടുമില്ല പിന്നോട്ടുമില്ല എന്ന രീതിയിൽ നിൽക്കുന്ന രീതി ഉറപ്പക്കുന്നില്ലല്ലോ? സമയം തള്ളുമ്പോൾ നടക്കാം എന്ന് കരുതി അവിടെയുമിവിടെയും നിന്നു പോകുന്നില്ലല്ലോ? ഏതെങ്കിലും തരത്തിലുള്ള ആശ്രയം പ്രതീക്ഷിച്ചു നിന്ന് പോകുന്നില്ലല്ലോ? അത്തരം സ്ഥിതിയുള്ളവരെ എന്ത് പറയും? ഇതിനെ അംഗദന്റെ സ്ഥിതിയെന്നു പറയുമോ? അങ്ങനെ നിന്ന് പോകുകയാണെങ്കിൽ പിന്നെ ലാസ്റ്റിൽ വരുന്നവർ ഫാസ്റ്റയി പോകും. ഏതുപോലെ മല മുകളിൽ മഞ്ഞ് വീഴുമ്പോൾ വഴി തടസ്സപ്പെടുന്നു. പിന്നെ ആ മഞ്ഞ് മാറ്റുന്നതിനായി പ്രയത്നിക്കുന്നു. ഇവിടെയും മഞ്ഞ് പോലെ ഉറഞ്ഞ് പോകുകയാണെങ്കിൽ ഇതിനർത്ഥം യോഗാഗ്നിയുടെ കുറവെന്നാണ്. യോഗാഗ്നി തീവ്രമാക്കു. അപ്പൊൾ വഴി ക്ലിയറാകും. കൈവശമുള്ള ധൈര്യത്തിന്റെയും ഉൽസാഹത്തിന്റെയും പോയിന്റ്സ് ബുദ്ധിയിൽ കറക്കു. അപ്പൊൾ വഴി ക്ലീയറാകും. പുരുഷാർത്ഥത്തിന്റെ വേഗതയിൽ അംഗദനാകു മായയോടു തോൽക്കുന്നതിൽ അംഗദനാകരുത് പകരം വിജയിയാകുന്നതിന് അംഗദനാകു. ശരി!
ഉയർന്നതിലും ഉയർന്ന ബാബയുടെ പാലന എടുക്കുന്ന, വിശ്വപാലന ചെയ്യുന്ന, വിഷ്ണു കുലത്തിലെ ശ്രേഷ്ഠ ആത്മാക്കൾക്ക്, പ്രകൃതിയെ പരിവർത്തനപ്പെടുത്തുന്ന പുരുഷോത്തമ ആത്മാക്കൾക്ക്, വിശ്വത്തിന് മുന്നിൽ സക്ഷാത്മൂർത്തിയായി പ്രസിദ്ധമാകാൻ ,പോകുന്ന ആത്മാക്കൾക്ക്, യോഗിതു ആത്മാക്കൾക്ക് ബാപ്ദാദയുടെ സ്നേഹ സ്മരണയും പുലർകാലവന്ദനവും.

## വരദാനം: സേവനത്തിലിരുന്നും സമ്പൂർന്നതയുടെ സമീപത അനുഭവം ചെയ്യുന്ന ബ്രഹ്മാ ബാബയ്ക്കു സമാനം എക്സാംപിൾ ഭവ:

ഏതു പോലെ ബ്രഹ്മാബാബ സേവനത്തിലിരുന്നും വാർത്തകൾ കേട്ടും ഏകാന്തവാസിയായി മാറുമായിരുന്നു. ഒരു മണിക്കൂർ വാർത്ത അഞ്ചു മിനുട്ടിൽ മനസ്സിലാക്കി കുട്ടികളെ സന്തുഷ്ടരാക്കി, തന്റെ അന്തർമുഖി ഏകാന്തവാസ സ്ഥിതിയുടെ അനുഭവം ചെയ്യിച്ചിരുന്നു ഇതേപോലെ ബാബയെ ഫോളോ ചെയ്യൂ. ബ്രഹ്മാബാബ ഒരിക്കലും പറഞ്ഞിരുന്നില്ല, ഞാൻ തിരക്കിലാണെന്ന് എന്നാൽ കുട്ടികൾക്ക് മുന്നിൽ ഉദാഹരണമാണ്. ഇപ്പൊൾ സമയമനുസരിച്ച് ഈ അഭ്യാസത്തിന്റെ ആവശ്യമുണ്ട്. ഹൃദയത്തിലെ സ്നേഹമുണ്ടെങ്കിൽ സമയം വന്നു ചേരും അനേകർക്ക് ഉദാഹരണമായി മാറും.

## സ്ലോഗൻ: ഓരോ കർമ്മത്തിലും കർമ്മത്തിന്റെയും യോഗത്തിന്റെയും അനുഭവം ഉണ്ടാകുന്നത് തന്നെയാണ് കർമ്മയോഗം.

**അവ്യക്ത സൈലൻസിലൂടെ ഡബിൾ ലൈറ്റ് ഫരിസ്ഥ സ്ഥിതിയുടെ അനുഭവം ചെയ്യൂ.**
സദാ ഈ ലക്ഷ്യം ഓർമ്മിക്കണം എനിക്ക് ബാബയ്ക്ക് സമാനമായി മാറണം, അപ്പൊൾ ഏതു പോലെ ബാബ ലൈറ്റ് ആണോ അതേ പോലെ ഡബിൾ ലൈറ്റ് ആകു. മറ്റുള്ളവരെ നോക്കുകയാണെങ്കിൽ ദുർബലമാകും അതിനാൽ ബാബയെ കാണൂ, ബാബയെ ഫോളോ ചെയ്യൂ. ഉയരുന്ന കലയുടെ ശ്രേഷ്ഠ മാർഗ്ഗം ഒരു വാക്കാണ് – എല്ലാം നിന്റേത് എന്നത്. എന്റെത് എന്ന വാക്ക് മാറ്റി നിന്റേത് എന്നാക്കു. നിന്റെതാണ് എന്നകുമ്പോൾ ആത്മാവ് ലൈറ്റ് ആണ്, എല്ലാം നിന്റെതാണ് അപ്പൊൾ ലൈറ്റ് (ഭാരരഹിതർ) ആകും.